ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033

ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: KLS/7696/2025-HK B1

തിരുവനന്തപുരം
07-09-2026

## ലേലപ്പരസ്യം

കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ പരിപാലിച്ച് വരുന്ന താഴെ പറയുന്ന പശുവിനെ **15/09/2026 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക്** ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

| ഇനം | പ്രായം |
|---|---|
| ജേഴ്സി പശു | 11 വർഷം |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 10.45 മണിക്ക് മുൻപായി നിരതദ്രവ്യമായ ₹ 1,100/- (ആയിരത്തി ഒരുനൂറ് രൂപ മാത്രം) ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം പിടിക്കുന്നയാളിന്റെ പേരിൽ തുക ന്യായമാണെന്ന് കാണുന്ന പക്ഷം ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയാൽ ലേലവില അന്നു തന്നെ ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ അടച്ച്, ലേലം ചെയ്തിട്ടുള്ള പശുവിനെ കൊണ്ടുപോകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെട്ടു കിട്ടുന്നയാൾ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിൽ മുതൽക്കൂട്ടുന്നതും ലേല വസ്തു പുനർലേലം ചെയ്യുന്നതുമായിരിക്കും.

മേൽപരാമർശിച്ച പശുവിനെ ഓഫീസ് പ്രവൃത്തി സമയത്ത് കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം റദ്ദ് ചെയ്യുകയോ ലേലനടപടിക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ലേലം സ്ഥിരീകരിക്കാതിരിക്കുകയോ ചെയ്താൽ ലേലത്തിൽ പങ്കെടുത്തവർക്ക് നിക്ഷേപിച്ച തുക പലിശയോ നഷ്ടപരിഹാരമോ കൂടാതെ തിരികെ നൽകുന്നതായിരിക്കും.

ഏതെങ്കിലും കാരണവശാൽ ലേലം നടത്തുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലനടപടികൾ നടത്തുന്നതാണ്. ലേലം മുന്നറിയിപ്പ് ഇല്ലാതെ മാറ്റി വയ്ക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ നിയമസഭ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം നിയമസഭ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

വിശ്വസ്തതയോടെ

Digitally signed by
Binu R
Date: 07-09-2026
12:16:58

അണ്ടർ സെക്രട്ടറി

സെക്രട്ടറിക്കുവേണ്ടി.

പകർപ്പ്:

1. സെക്രട്ടറിയുടെ പി.എ.
2. അഡീഷണൽ സെക്രട്ടറി (V)-യുടെ പി.എ.
3. ഓഫീസ് സൂപ്രണ്ട്, ഹൗസ് കീപ്പിംഗ് വിഭാഗം.
4. അസിസ്റ്റന്റ് കൃഷി ഓഫീസർ
5. വിവരസാങ്കേതികവിദ്യ വിഭാഗം.
6. ചീഫ് മാർഷൽ.
7. ഫയൽ പകർപ്പ്.